**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 176** **27-01-2026 - ൽ മറുപടിയ്ക്ക്**

**സാന്ത്വന പരിചരണം, ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാന്ത്വന പരിചരണത്തിന് വിശദമായ പ്രവർത്തന മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സാന്ത്വന പരിചരണത്തിന് വിശദമായ പ്രവർത്തന മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ നയത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉതകുന്ന രീതിയിലാണ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുള്ളത്. |
| (ബി) | നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി ആർദ്രം മിഷനിലെ പ്രധാന മേഖലകളിലൊന്നായി 'പാലിയേറ്റിവ് കെയർ' തിരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്ന സാന്ത്വന പരിചരണ പരിപാടി രാജ്യത്തിന് തന്നെ മാതൃകയായി നിലകൊള്ളുകയാണ്. ഈ പദ്ധതിയുടെ ശാക്തീകരണത്തിന്റെ ഭാഗമായി നവകേരളം കർമ്മ പദ്ധതിയുടെ പ്രധാന പരിപാടികളിൽ ഒന്നായി പാലിയേറ്റിവ് കെയർ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതിന്റെ ഭാഗമായി സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | പാലിയേറ്റീവ് കെയർ നയത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഒരു സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാനിന് രൂപം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിനോടൊപ്പം തന്നെ ആയുഷ് വകുപ്പ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നിവരെയും ഉൾപ്പെടുത്തിക്കൊണ്ട് പാലിയേറ്റീവ് കെയർ രംഗം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ പരിശീലന പരിപാടിക്കായി മൊഡ്യൂളുകൾ ഏകീകരിക്കുകയും എല്ലാ വകുപ്പുകൾക്കും ആയത് വിതരണം ചെയ്യുകയും പരിശീലനം ലഭിച്ച ജീവനക്കാരുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളിലും പ്രവർത്തനങ്ങൾ ആരംഭിക്കുകയുമുണ്ടായി. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും നിരീക്ഷിക്കുന്നതിനും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രത്യേക കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ